March 2019 Reg. No. ....................................... **FY 17**

Name ............................................

**Part - III**

**മലയാളം (MALAYALAM)**

**(OPTIONAL)**

Maximum : 80 Scores

Time : 2½ Hours

Cool off time : **15** Minutes

**വിദ്യാർത്ഥികൾക്കുള്ള പൊതു നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. (ഓരോന്നിനും ഒന്നോ രണ്ടോ വാക്യം. 2 സ്കോർ വീതം).** **(5 × 2 = 10)**

**1.** 'മേസ്തിരി' എന്ന കവിതയെ സവിശേഷമാക്കുന്ന രണ്ടു ഘടകങ്ങൾ കണ്ടെത്തി എഴുതുക.

- അതിസാധാരണ ഭാഷ
- മാതൃഭാവം
- ഭ്രമാത്മകമായ അവതരണം
- പ്രായോഗികതയും ഭാവനയും തമ്മിലുള്ള പൊരുത്തക്കേട്

**2.** മാർഗംകളിപ്പാട്ടിന്റെ രണ്ട് പ്രത്യേകതകൾ എഴുതുക.

**3.** ഓർമ്മകളുടെ സവിശേഷതകളെക്കുറിച്ച് അനുയോജ്യമായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

- മനസ്സിന്റെ ഒരു സിദ്ധിയാണ്.
- എല്ലാ ഓർമ്മകളേയും സൂക്ഷിച്ചു വയ്ക്കാൻ കഴിയും.
- ഓർമ്മകളെ കൃത്യമായി കുടിയിരുത്തിയിരിക്കുന്നത് എവിടെയാണന്ന് ശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്.
- ഓർമ്മകൾ പരിണാമത്തിന്റെ ഫലമായി കൈവന്നതാണ്.

**4.** 'ഫോട്ടോ' ഒരു കാലഘട്ടത്തിന്റെ സദാചാര ചരിത്രമാണെന്ന് കെ.പി. അപ്പൻ പറയുന്നതിന്റെ പൊരുളുകൾ കണ്ടെത്തി എഴുതുക.

- പ്രമേയത്തിന്റെ പ്രാധാന്യം
- ആക്ഷേപ ഹാസ്യത്തിന്റെ പ്രയോഗം
- ചരിത്രത്തെക്കുറിച്ചും വർത്തമാനത്തെക്കുറിച്ചുമുള്ള വിശകലനം
- മരണത്തെ പ്രതീകാത്മകമായി അവതരിപ്പിക്കൽ

**5.** ആരു ചവിട്ടിത്താഴ്ത്തിലുമഴലിൻ
പാതാളത്തിലൊളിക്കിലുമേതോ
പൂർവ്വസ്മരണയിലാഹ്ലാദത്തിൽ
ലോകത്തെത്തും ഹൃദയം – ഇവിടെ സൂചിതമാകുന്ന ഐതിഹ്യമെന്ത്?

6. നാഗരികതയുടെ നടുക്ക് ഒരു കോംഗോ ആണെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുള്ള ഇടിയങ്ങരയിൽപ്പോലും ബാർബർ ഷോപ്പുകളിൽ ഇരുന്ന് സാധാരണക്കാരായ നല്ലവർ, പത്രഭാഷയിൽ സംസാരിക്കുന്നത് കേൾക്കുമ്പോൾ വേദന തോന്നുന്നു. –

നാഗരികതയുടെ നടുക്ക് ഒരു കോംഗോ എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

**7 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. (ഓരോന്നിനും അരപ്പുറം. 4 സ്കോർ വീതം.)** **(6 × 4 = 24)**

7. 'ഓട്ടിസം ഒരു പ്രഹേളികയാണ്' – ഡോ.കെ. രാജശേഖരൻ നായരുടെ പ്രസ്താവനയോടുള്ള നിങ്ങളുടെ അഭിപ്രായം എന്ത്? ലഘു കുറിപ്പ് തയാറാക്കുക.

8. കോഴിക്കൊമ്പു നിങ്ങളെടുത്തോളിൻ

പല്ലു നിങ്ങളെടുത്തോളിൻ

പൂവൻ മുട്ട നിങ്ങളെടുത്തോളിൻ

മുലയും നിങ്ങളെടുത്തോളിൻ –

ഈ വരികളിലെ ആക്ഷേപഹാസ്യം നിരൂപണം ചെയ്യുക.

9. സ്വരങ്ങളും വ്യഞ്ജനങ്ങളും തമ്മിലുള്ള ഭേദം വിശദമാക്കുക.

10. ഇരട്ടമൊഴിത്തം നിലനിർത്തുന്നതുകൊണ്ട് ഭാഷയ്ക്ക് എന്തെങ്കിലും മേന്മകൾ ഉണ്ടോ? വിലയിരുത്തുക.

**11.** അപ്പോൾ

അമ്മ നിനക്ക് തന്ന ഉമ്മകളിലൊന്ന്

അമ്മയ്ക്ക് പകരം നല്കുക – ഇന്ന് അമ്മയ്ക്ക് 'പകരം നല്കുന്ന' ഉമ്മകൾ പ്രകടനം മാത്രമായി മാറുന്നുണ്ടോ? അഭിപ്രായക്കുറിപ്പ് തയാറാക്കുക.

**12.** 'ആഗോളവൽക്കരണത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടാനുള്ള ഒരു വഴികൂടിയാണ് നാട്ടറിവിലുള്ള വൈകാരികം കൂടിയായ പങ്കാളിത്തം.'-ഇ.പി. രാജഗോപാലന്റെ ഈ വാദത്തോടുള്ള നിങ്ങളുടെ കാഴ്ചപ്പാടെന്താണ്? വിശദമാക്കുക.

**13.** സുഹൃത്ത് വരച്ച ചിത്രം കാണുമ്പോൾ കവിയിലുണരുന്ന പകപ്പ് 'മുഖമെവിടെ' എന്ന കവിതയിൽ നാടകീയമായി ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെ? വ്യക്തമാക്കുക.

**14 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. (ഓരോന്നും ഒരു പുറം. 6 സ്കോർ വീതം).** **(4 × 6 = 24)**

**14.** ● ചൈതന്യമുള്ള ഈ ചെറുപ്പക്കാരുമായി അടുത്തിടപഴകാൻ എന്തുകൊണ്ടോ എനിക്കു കഴിയുന്നില്ല. അതെന്റെ ദു:ഖമാണ്. അവരുടെ ലോകത്തിലേക്കു കടന്നു ചെല്ലാൻ എനിക്കു സാധിക്കുന്നില്ല.

● ഞാൻ ഒറ്റപ്പെടുന്നു. ഞാനെന്റെ പഴയ തകഴിക്കാരനാണ്.

– മാറ്റങ്ങളെ ഇഷ്ടപ്പെടാത്ത പഴഞ്ചനായ കഥാകാരനാണോ തകഴി. വിലയിരുത്തുക.

**15.** വൈജ്ഞാനിക ഉപന്യാസ രചന ഏറെ ഗൗരവമുള്ള പ്രക്രിയയായി മാറുന്നതെങ്ങനെ. വിശദീകരിക്കുക.

**16.** കലയേയും സംസ്കാരത്തേയും കാഴ്ചവസ്തുക്കളാക്കുകയും വിദേശ സംസ്കാരത്തിന്റെ അടിമകളാകുകയും ചെയ്യുന്ന മലയാളിയുടെ പൊങ്ങച്ചം 'അമേരിക്ക' എന്ന ചെറുകഥ തുറന്നുകാട്ടുന്നതെങ്ങനെ? പരിശോധിക്കുക.

**17.** 'ഓരോ കഥകളിയും ഓരോ ഓണമാണ്" - കഥകളിയേയും ഓണത്തേയും കെ.സി. നാരായണൻ ബന്ധിപ്പിച്ചിരിക്കുന്നതിന്റെ ഔചിത്യം പരിശോധിക്കുക.

**18.** നാഗരിക ജീവിതത്തിന്റെ ഏകാന്തതയും ദുരന്തഭീതിയും 'പക്ഷിയുടെ മണം' എന്ന കഥയുടെ അടിസ്ഥാന ഭാവമായി പരിണമിക്കുന്നതെങ്ങനെ? നിരൂപണം ചെയ്യുക.

**19 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**
**(ഓരോന്നും ഒന്നരപ്പുറം. 8 സ്കോർ വീതം.)** **(2 × 8 = 16)**

**19.** യു.എ. ഖാദറിന്റെ ദീപ്തമായ ഓർമ്മകൾക്ക് മിഴിവ് വർദ്ധിപ്പിക്കുന്നതിൽ യാത്രാവിവരണത്തിന്റെ പശ്ചാത്തലം എങ്ങനെ അനുയോജ്യമായിരിക്കുന്നു? വിശദീകരിക്കുക.

**20.** ശുഭചിന്തയിലും നന്മയിലും അടിയുറച്ച വിശ്വാസമാണ് ബിംബിസാരന്റെ ഇടയൻ എന്ന കവിതയുടെ കാതൽ – നിരൂപണം ചെയ്യുക.

**21.** 'മോതിരം' എന്ന ചെറുകഥയിൽ കുഞ്ഞിക്കാവമ്മയുടെയും കുഞ്ഞുവമ്മാവന്റെയും നിരുപാധികമായ സ്നേഹത്തെ കൈയ്യടക്കത്തോടെ അവതരിപ്പിക്കാൻ കാരൂർ പ്രയോഗിച്ചിരിക്കുന്ന തന്ത്രങ്ങൾ വിശകലനം ചെയ്യുക.

- അലങ്കാരമില്ലാത്ത ഭാഷ
- ധ്വന്യാത്മകമായ പ്രയോഗങ്ങൾ
- ഓർമ്മകളുടെ സജീവത

**തന്നിരിക്കുന്ന കവിതാഭാഗം വായിച്ച് 22 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (2 സ്കോർ വീതം)** **(3 × 2 = 6)**

എന്നെയുറക്കുവാൻ നീ പണ്ടു പാടിയ

കണ്ണുനീർപ്പാട്ടും കടമെടുക്കുന്നു ഞാൻ

ഇന്നുഞാൻ താരാട്ടു പാടാം : ഉറങ്ങുകെ–

ന്നമ്മേ, യിനിയല്ലലില്ല, നീ മുക്തയായ്!

ജന്മം കടം, രക്തദുഗ്ദ്ധം കടം, നാവിൽ

നിൻ വിരൽ തേച്ച പൊൻതേൻ കണത്തിൽ പൂത്ത

സംഗീതവും അമ്മയെന്ന വാക്കിൽനിന്നു

മിന്നിത്തെളിഞ്ഞൊരെൻ വാങ്മയവും കടം.

കിട്ടാക്കടത്തിൽ കണക്കു സൂക്ഷിക്കാതെ

സൽക്കരിച്ചെന്നെ നീയന്ത്യദിനം വരെ.

ഒന്നും പകരം തരാൻ കഴിഞ്ഞില്ല നിൻ

പൊൻമകൻ പാടി നടന്നു സഞ്ചാരിയായ് ...

എത്രയെടുത്താലുമൊട്ടും കുറയാത്ത

സ്വത്തൊന്നുമാത്രമതമ്മയാണൂഴിയിൽ.

പേറ്റുനോവാൽ കടം വീട്ടുന്നു പുത്രിമാർ

ഓർത്താലധമർണ്ണരാൺമക്കളെന്നുമേ!

(അമ്മയ്ക്കൊരു താരാട്ട് – ശ്രീകുമാരൻതമ്പി)

**22.** കവി കടമെടുക്കുന്ന പാട്ടിന്റെ പ്രത്യേകതയെന്ത്?

**23.** കവി-എന്തിനൊക്കെയാണ് അമ്മയോട് കടപ്പെട്ടിരിക്കുന്നത്?

**24.** ഒന്നും പകരം തരാൻ കഴിഞ്ഞില്ല നിൻ

പൊൻമകൻ പാടി നടന്നു സഞ്ചാരിയായ് – ഇവിടെ പ്രകടമാകുന്ന ഭാവമെന്ത്?